# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.253 | 09/03/2015 ൽ മറുപടിക്ക് |
|---|---|

**ബാർകോഴ ആരോപണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർകോഴ അടക്കമുള്ള ധനമന്ത്രി ശ്രീ.കെ.എം.മാണിയുടെ ഇടപാടുകൾ സംബന്ധിച്ച് മുഖ്യമന്ത്രിയോട് പറഞ്ഞിരുന്നുവെന്ന യു.ഡി.എഫ് നേതാവും മുൻമന്ത്രിയുമായ ശ്രീ.ആർ.ബാലകൃഷ്ണപിള്ളയുടെ ടെലിഫോൺ സംഭാഷണത്തിലൂടെയുള്ള വെളിപ്പെടുത്തലുകൾ വിജിലൻസ് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ബാർ കോഴ വിവാദവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്ന കേസിന്റെ പരിധിയിലുള്ളത്. |
| (ബി) | ബാർ കോഴ ആരോപണം സംബന്ധിച്ച് അന്വേഷിക്കുന്ന വിജിലൻസ് സംഘം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്താണ് ; | | |
| (സി) | ബാർകോഴ ഇടപാട് സാധ്യത സംബന്ധിച്ച് മുഖ്യമന്ത്രിയിൽ നിന്നും മുൻകൂട്ടിയുള്ള നിർദ്ദേശം വിജിലൻസിന് ലഭിച്ചിട്ടുണ്ടായിരുന്നുവോ ; ബാലകൃഷ്ണപിള്ള പറഞ്ഞതായി പറയപ്പെടുന്ന വിവരം മുഖ്യമന്ത്രി വിജിലൻസിന് കൈമാറിയിട്ടുണ്ടോ ; | (സി) | ലഭിച്ചിട്ടില്ല. |
| (ഡി) | വെളിപ്പെടുത്തലിനെതുടർന്ന് വിജിലൻസ് സംഘം മുഖ്യമന്ത്രിയോടും, ധനകാര്യമന്ത്രിയോടും വെളിപ്പെടുത്തലുകളെ സംബന്ധിച്ച് ആരായുകയുണ്ടായോ ; ഇതേ തുടർന്ന് പ്രത്യേകമായി ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (ഡി) | പ്രാഥമിക അന്വേഷണ (സത്വരാന്വേഷണം) സമയത്ത് ധനമന്ത്രി ശ്രീ.കെ.എം. മാണിയെക്കണ്ട് വിവരങ്ങൾ ആരാഞ്ഞിരുന്നു. ഇപ്പോൾ അന്വേഷണത്തിലിരിക്കുന്ന കേസ്സിൽ അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അന്വേഷണവിധേയമാക്കുന്നതാണ് |

സെക്ഷൻ ആഫീസർ